## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 05.03.2020-ൽ മറുപടിക്ക്
ചോദ്യം നം. 1247

### വായ്പകളിലെ ജപ്തി നടപടികളിൽ ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റോജി എം. ജോൺ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾ സഹകരണസംഘങ്ങളിൽ നിന്നും എടുത്ത വായ്പകളിലെ ജപ്തി നടപടികളിൽ ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം നീട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ & ബി) | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 31/12/2008 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങി വച്ചതോ തുടർന്ന് വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്നും അവർക്ക് ആശ്വാസം നൽകുന്നതിന് നിലവിലുള്ള മോറട്ടോറിയത്തിന്റെ കാലാവധി 01/01/2020 മുതൽ 31/12/2020 വരെ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്നുവരെ എടുത്തിട്ടുള്ള വായ്പകൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക എന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ